**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 158** **01-02-2023 - ൽ മറുപടിയ്ക്ക്**

**അച്ചടി വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാർ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | അച്ചടി വകുപ്പിൽ എസ്.എൽ.ആർ. വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നു എന്നും എത്ര വർഷമായി ജോലി ചെയ്തു വരുന്നു എന്നും വ്യക്തമാക്കാമോ; | (എ) | 2006 മുതൽ 30 ജീവനക്കാർ ജോലി ചെയ്തുവരുന്നു |
| (ബി) | അച്ചടി വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാർ ഈ വകുപ്പിലെ മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെപ്പോലെ സ്ഥിരം ജീവനക്കാർ ആണോ എന്ന് വ്യക്തമാക്കാമോ; | (ബി) | വകുപ്പിലെ എസ്.എൽ.ആർ. ജീവനക്കാരുടെ തസ്തികകൾ സൂപ്പർന്യൂമററി ആയി സൃഷ്ടിച്ചവയാണ്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പോലെയുള്ള ഏതെല്ലാം സർക്കാർ ആനുകൂല്യങ്ങൾ ലഭിച്ചു വരുന്നു എന്നും ഏതെല്ലാം ലഭിക്കുന്നില്ല എന്നും വ്യക്തമാക്കാമോ; | (സി) | ഉദ്യോഗക്കയറ്റം ഒഴികെ ക്ലാസ് IV ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിച്ചു വരുന്ന മെഡിസെപ് ആനുകൂല്യം നിഷേധിച്ച വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | എസ്.എൽ.ആർ. ജീവനക്കാരെ MEDISEP പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഇ) | പ്രസ്തുത ജീവനക്കാർക്ക് അച്ചടി വകുപ്പിലെ മറ്റ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിച്ചു വരുന്ന ഉദ്യോഗക്കയറ്റം തുടങ്ങിയ ആനുകൂല്യങ്ങൾ നിലവിൽ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഇ) | സൂപ്പർന്യൂമററി തസ്തികയായതിനാൽ എസ്.എൽ.ആർ. ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ